**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2916** **03-08-2021 - ൽ മറുപടിയ്ക്ക്**

**വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി നവീന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റു കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ്, മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾ ക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരി ക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ് A/C സർവ്വീസുകളിലും, ജൻറം A/C ബസുകളിലും, മൾട്ടി ആക്സിൽ ബസുകളിലും യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതി നും പൊതുജനങ്ങൾക്ക് നിരക്ക് വർദ്ധനയുടെ ഭാരം ലഘൂകരിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ കേരളത്തി നുള്ളിൽ സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 03.11.2020 മുതൽ 25%വും, 25.11.2020 മുതൽ ലോ ഫ്ളോർ A/C സർവ്വീസുകൾക്ക് 25%വും, 10.02.2021 തീയതിയായി മൾട്ടി ആക്സിൽ A/C സർവ്വീസു കൾക്ക് 30%വും നിരക്കിളവ് നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാ ക്കുന്നതനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി |

| | | | |
|---|---|---|---|
| | | | ആയ M/s. KUDSITനെ ഏല്പിച്ചിട്ടുണ്ട്. നടപടി കൾ പുരോഗമിച്ചുവരുന്നു. ഇത് പൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ, ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. വിവിധ തരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാന ത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്ര ക്കാരെ ആകർഷിയ്ക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും, കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ, മുൻകൂർ ടിക്കറ്റ് ബുക്കിംഗി നായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. |
| (ബി) | യാത്രക്കാരിൽ നിന്നുള്ള വരുമാനം കൂടാതെ മറ്റു പദ്ധതികളിൽ നിന്നും കൂടുതൽ വരുമാനം ലഭിക്കുവാൻ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാം; വിശദ വിവരം നൽകുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെ യാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ. ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളി ലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാ ത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും, നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശ ങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സിയുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത |

ബസു കളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുനതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്. ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചു വരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജന ങ്ങൾക്ക് കുറഞ്ഞ ചിലവിൽ താമസ സൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതി നുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ “Sight seeing” എന്ന പദ്ധതിയും “conducted tour” മാതൃകയിൽ ആവിഷ്കരി ച്ചിട്ടുണ്ട്. കൊവിഡ്-19 കിറ്റുകൾ കൊണ്ടു പോകുന്നതിന് കെ.എസ്.ആർ.ടി.സി ലോജി സ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി. യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിലും, ലോറികളിലും, സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൈക്കൊള്ളാനും, കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കു വാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും, വാഹന ങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനി കളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതി ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്ക് കൂടി ഉപയോഗി ക്കത്തക്ക രീതിയിൽ ഫ്യുവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol)

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതോ ടൊപ്പം പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്ന തിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരി കുന്നതിന് പ്രാരംഭ നടപടികൾ തുടങ്ങിയി ട്ടുണ്ട്. CNG, LNG ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക വഴിയും കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്ന തിനു സാധിക്കും. ദിർഘകാല അടിസ്ഥാന ത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ, കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയി ലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിനു (പൊതുമേഖല കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റി തര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തു ന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കു ന്നതിനായി e-Tender നടപടികൾ ആവിഷ്കരിക്കാൻ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തി കരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം / ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും, ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡു കൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ. ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായി മാർക്കറ്റ് ചെയ്യുന്നതി നായി ഒരു മാർക്കറ്റിംഗ് ടീം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ